# മയിലമ്മ കുടിച്ചവെള്ളവും കണ്ണീരും

പി. സുന്ദരരാജൻ

**പ്ലാച്ചിമട സമരത്തിലെ ഉജ്ജ്വല പ്രവർത്തക മയിലമ്മയുടെ വേർപാട് സമരഐക്യദാർഢ്യ പ്രവർത്തകൻ അനുസ്മരിക്കുന്നു. ഒപ്പം പ്ലാച്ചിമട സമരപ്രവർത്തനവും പ്രവർത്തകരെയും വില യിരുത്തുന്നു. പ്രതികരണങ്ങൾ പ്രതീക്ഷിക്കുന്നു.**

പ്ലാച്ചിമട സമരത്തിന്റെ ഒരദ്ധ്യായമായിരുന്നു മയിലമ്മയുടെ ജീവിതം. ഐതിഹാസികമായ പ്രസ്തുത സമരത്തിന്റെ ഊർജ്ജവും വേഗവുമായിരുന്നു അവർ. ആദിവാസി-സ്ത്രീശക്തിയുടെ അപാരസാദ്ധ്യതകൾ ഉൾക്കൊണ്ട ഒരപൂർവ വ്യക്തിത്വം.



പ്ലാച്ചിമട സമരം ആരംഭിക്കുന്ന കാലത്ത് മയിലമ്മ സമരമുഖത്തെ സാധാരണ ആദിവാസി സ്ത്രീകളെപ്പോലെ അതായത് - പന്തലിലെ അംബിക, തങ്കമണി, കന്നിയമ്മ, ദൈവ, പഴണാത്ത, സരസ്വതി എന്നിവരെപ്പോലെ ഒരു സമരപ്രവർത്തക മാത്രമായിരുന്നു. പക്ഷെ സമരത്തിന്റെ വളർച്ചയുടെ ഒരു ഘട്ടത്തിൽ മയിലമ്മ തന്റെ ജീവിതത്തെ പൂർണമായും സമരത്തിന്റെ ഭാഗമാക്കി മാറ്റിയെടുത്തു. അങ്ങനെ അതിജീവനത്തിനായുള്ള ഒരു സമരത്തിനായി നീക്കിവെയ്ക്കപ്പെട്ട മയിലമ്മയുടെ ജീവിതം പ്ലാച്ചിമടക്കകത്തും പുറത്തുമുള്ളവരുടെ ശ്രദ്ധയിൽപ്പെട്ടു. മാധ്യമങ്ങളുടെ 'ഫോക്കസ്സ്' മയിലമ്മയിലായി. മയിലമ്മയുടെ വീട് സമരപ്പന്തലിന്റെ അനുബന്ധമായി മാറി. പ്ലാച്ചിമടസമരത്തിന് പിന്തുണയുമായി എത്തിയ നൂറുകണക്കിനു മനുഷ്യരുടെ വിശപ്പും ദാഹവും തീർക്കാനായി അവരുടെ വീടിന്റെ അടുപ്പിൽ എന്നും വിറകെരിഞ്ഞു. ആദിവാസി ഭൂസമരത്തിൽ നിന്നും ഒരു സി.കെ. ജാനു എന്നതുപോലെ പ്ലാച്ചിമട സമരത്തിൽനിന്നും ഒരു മയിലമ്മ കടന്നുവന്നു.

പ്ലാച്ചിമട സമരം ശ്രദ്ധനേടിയതോടെ സമരമുഖത്തേക്ക് പല 'പ്രമുഖരും' കടന്നുവന്നു. പല സംഘടനകളും പ്രസ്ഥാനങ്ങളും വ്യക്തികളും വന്നതോടെ പിന്തുണാരംഗത്ത് മത്സരങ്ങളായി. അവരിൽ പലരും തങ്ങളുടെ പ്രശസ്തിക്കോ, സ്വന്തം പാർട്ടികളുടെ സ്വാധീനമുറപ്പിക്കാനോ ശ്രമം തുടങ്ങി. സമരത്തിന്റെ മുൻനിരയിലെ ആദിവാസികളെ മറച്ച് കേരളത്തിലെ ഉപരിവർഗ്ഗ-മദ്ധ്യവർഗ്ഗ നിരകളിലെ സമരസഹായികൾ പ്ലാച്ചിമടയിൽ മേൽകൈനേടാനുള്ള ശ്രമം തുടങ്ങി. ഇതിന്റെ പ്രതിഫലനങ്ങൾക്കും, പ്രതികരണങ്ങൾക്കും പ്ലാച്ചിമട സാക്ഷ്യം വഹിച്ചു. ആദിവാസി സമൂഹത്തിന്റെ രാഷ്ട്രീയ സാംസ്കാരിക ശീലങ്ങൾക്ക് അന്യവും അപരിചിതവുമായിരുന്നു പല നീക്കങ്ങളും. പ്ലാച്ചിമടയിലെ മാധ്യമശ്രദ്ധ വിപുലമായി-മുഖ്യധാരയുടെ ആവശ്യങ്ങൾക്കും താൽപര്യങ്ങൾക്കും അനുസൃതമായി സമരരംഗത്ത് പുത്തൻ പ്രവണതകൾ പ്രത്യക്ഷപ്പെട്ടു.

പ്രമുഖരുടെ മുൻകൈയിലുള്ള മാധ്യമങ്ങൾക്ക് പ്ലാച്ചിമടയിൽ ഒരു സമരനായികയെയും സമരനായകനെയും ആവശ്യമായിരുന്നു. അങ്ങനെയാണ് മയിലമ്മ പ്ലാച്ചിമട സമരനായികയാകുന്നത്. നായികാനായക സങ്കല്പങ്ങളൊന്നുമില്ലാത്ത ആദിവാസി സമൂഹത്തിൽ നിന്ന് മയിലമ്മയെ നായികയാക്കി വിഗ്രഹവൽക്കരിച്ചു തുടങ്ങി. അത് പിന്നീട് മയിലമ്മക്ക് അനുഗ്രഹവും ശാപവുമായി. തുടർന്ന് അവാർഡുകളും ബഹുമതികളും, വേദികളും അവരെതേടിയെത്തി.

അവാർഡുകളുടെ കൂട്ടത്തിൽ ഏറ്റവും പ്രശ്നവും തലവേദനയും സൃഷ്ടിച്ച ഒന്നായിരുന്നു ഔട്ട്ലുക്കിന്റെ സ്പീക്ക് ഔട്ട് അവാർഡ് 50,000 രൂപ (അരലക്ഷം) യുടെ അവാർഡും, ബഹുമതിപത്രവും സ്വീകരിച്ച് ഡൽഹിയിൽനിന്നും പ്ലാച്ചിമടയിൽ തിരിച്ചെത്തിയ മയിലമ്മയെ കാത്തിരുന്നത് സ്വീകരണവും അംഗീകാരവുമായിരുന്നില്ല. അവാർഡ് തുക (മയിലമ്മക്ക് വ്യക്തിപരമായ കഴിവിന്റെ അംഗീകാരമെന്നനിലയിൽ ലഭിച്ചതായിരുന്നു ഈ അവാർഡ്) സ്വന്തം പേരിൽ ബാങ്കിൽ നിക്ഷേപിച്ചു എന്നതായിരുന്നു പ്ലാച്ചിമടയിൽ തിരിച്ചെത്തിയ മയിലമ്മ നേരിട്ട വിമർശനം. ഇത്തരം അവാർഡുകളിൽ പതിയിരുന്ന അപകടങ്ങളെക്കുറിച്ച് വ്യക്തിപരമായ അഭിപ്രായങ്ങളറിയിച്ച് ഈ ലേഖകൻ അന്ന് 'മാധ്യമം' ആഴ്ചപ്പതിപ്പിൽ 'മയിലമ്മ അറിയാൻ' എന്ന ലേഖനം എഴുതുകയുണ്ടായി. അന്ന് ഞാൻ ഊഹിച്ചതുപോലെ പല കാര്യങ്ങളും തുടർന്ന് സംഭവിച്ചു. സമരസമിതിയുടെ പേരിൽ നിലനിന്നിരുന്ന കടത്തിലേക്ക് അവാർഡ് തുകയിൽനിന്ന് 15000 രൂപ (പതിനയ്യായിരം) മയിലമ്മ നൽകിയ വസ്തുത ആ മറച്ചുവെച്ച് മയിലമ്മ പണം പിടുങ്ങി എന്ന ആരോപണം ഉന്നയിക്കപ്പെട്ടു. വെറും വിമർശനം എന്നതിൽ കവിഞ്ഞ് മയിലമ്മയെ ഒറ്റപ്പെടുത്താനും, താറടിക്കാനും പരസ്യമായി നീക്കമാണ് നടന്നത്. സ്വന്തം വീടിന്റെ പേരിൽ എടുത്ത കാർഷികകടം തിരിച്ചടക്കാനാകാതെ ജപ്തി നോട്ടീസ് കിട്ടിയ പാവം മയിലമ്മയുടെ ഭാരിച്ച കടങ്ങൾ ആരുടെയും വിഷയമായിരുന്നില്ല. എല്ലാം ആസൂത്രിതമായിരുന്നു. മയിലമ്മയെപ്പോലെ ഒരു സാധാരണ ആദിവാസി സ്ത്രീക്കു ലഭിച്ച പ്രശസ്തിയും, സമരനായികപദവിയും പ്ലാച്ചിമട സമരത്തിലെ ചില പുരുഷമനസ്സുകൾക്കു ദഹിച്ചില്ല. ഏറ്റവും വിസ്മയകരമായ വസ്തുത സമരമുഖത്തെ പ്രശ്നങ്ങൾ പറഞ്ഞുതീർക്കുന്നതിനും പരിഹരിക്കുന്നതിനും ഏറ്റവും ബാദ്ധ്യതയുണ്ടായിരുന്ന സമരസമിതി രക്ഷാധികാരിയായിരുന്നു ഈ മയിലമ്മ വിരുദ്ധ നീക്കങ്ങൾക്ക് പ്ലാച്ചിമടയിൽ നേതൃത്വം നല്കിയത് എന്നതാണ്.

മുഖ്യധാരയിൽപ്പെട്ട 'രാഷ്ട്രീയ തമ്പുരാക്കളി'ൽ ചിലരുടെ കൈയാളായി സമരസമിതിയിലെ ബഹുഭൂരിപക്ഷം അംഗങ്ങളുടെയും താല്പര്യങ്ങൾക്ക് വിരുദ്ധമായി പല ഘട്ടങ്ങളിലും രക്ഷാധികാരി നടത്തിയ കരുനീക്കങ്ങൾ വേണ്ടരീതിയിൽ പ്ലാച്ചിമടയിൽ ചർച്ച ചെയ്യപ്പെടാതെ പോയി. തികഞ്ഞ ഏകാധിപത്യവും ധാർഷ്ട്യവും പ്രകടിപ്പിച്ച രക്ഷാധികാരി ഈ ഘട്ടങ്ങളിലൊക്കെ രക്ഷാധികാരിത്വത്തിനുപകരം ശിക്ഷാധികാരത്തിന്റെ റോളിലായിരുന്നു കാര്യനിർവഹണം നടത്തിയത്. അങ്ങനെ തന്റെ താൽപര്യങ്ങൾക്കനുസൃതമായി നിൽക്കുന്ന ആദിവാസികളെ പ്രത്യേകിച്ചും സ്ത്രീകളെ ഉപയോഗിച്ച് കൊക്കകോള വിരുദ്ധ സമരപന്തൽ 'മയിലമ്മ വിരുദ്ധ' പ്രചാരണ പന്തലാക്കി മാറ്റി.

നെറികെട്ട പ്രചാരണങ്ങൾ പലതും എഴുതാനും വിവരിക്കാനും കഴിയാത്ത രീതിയിൽ തരംതാഴ്ന്നതായിരുന്നു. സമരത്തിന്റെ ആദ്യഘട്ടത്തിൽ സമരസമിതി ജനറൽ കൺവീനർ സ്വാമിനാഥനെ തന്റെ ചൊൽപ്പടിക്കു നിർത്താൻ ശ്രമിച്ചെങ്കിലും അതിനുവഴങ്ങാത്ത കാരണം ഈ നീക്കങ്ങളത്രയും മയിലമ്മ-സ്വാമിനാഥൻ വിരുദ്ധ നീക്കങ്ങളാക്കി മാറ്റി. ആദിവാസി സമൂഹത്തെ ഭിന്നിപ്പിക്കാൻ സമരസമിതിയുടെ രക്ഷാധികാര റോളിൽ ഇരുന്നുകൊണ്ട് വിളയോടി നടത്തിയ ശ്രമങ്ങളെ ചെറുക്കുന്നതിന് സമരത്തെ പുറമെനിന്ന് സഹായിക്കാനെത്തിയ പലർക്കും വേണ്ടത്ര കഴിഞ്ഞില്ല. സമവായത്തിന്റെ വഴികൾ അടഞ്ഞു. പ്ലാച്ചിമടയിലെ ചേരിതിരിവുകൾ പൂർണ്ണമായി. മയിലമ്മ എന്ന സ്ത്രീക്ക് താങ്ങാനാവുന്നതിൽ കവിഞ്ഞ വേദനയും അപമാനവും സഹിക്കേണ്ടിവന്നു. പ്രശ്നങ്ങൾ രൂക്ഷമായ ഘട്ടത്തിൽ ഒരു ചർച്ചക്ക് മുൻകൈ എടുത്ത് ഓടി നടന്നത് മുണ്ടൂർ സൽസബീൽ സ്കൂളിലെ ഹുസൈൻ മാസ്റ്റർ മാത്രമായിരുന്നു. കഴിഞ്ഞ നവംബർ 18, 19 തിയ്യതികളിൽ മേധാപട്കർ കേരളത്തിൽ വന്ന ദിവസങ്ങളിൽ സമവായത്തിനായി ഒരു ചർച്ച നടത്താനായി അദ്ദേഹം ആഗ്രഹിച്ചെങ്കിലും മയിലമ്മയുമായി ഒരു കൂടിക്കാഴ്ച അസാദ്ധ്യമാകുംവിധം കാര്യപരിപാടികൾ ക്രമീകരിച്ചു. പ്ലാച്ചിമട സമരമുഖത്ത് സ്വന്തം നയപരിപാടികൾ അടിച്ചേൽപ്പിച്ച് ആദ്യമായി വിഭാഗീയത സൃഷ്ടിച്ച ഒരു വ്യക്തിക്ക് കേരള എൻ.എ.പി.എം. നേതൃത്വത്തിലുള്ള ദുസ്വാധീനമായിരുന്നു വിളയോടിയുടെയും പ്രസ്തുത വ്യക്തിയുടെയും അജണ്ട വിജയിക്കുവാൻ കാരണം. മേധയെ കാണാൻ ആഗ്രഹിച്ച മയിലമ്മ അവർ പ്ലാച്ചിമടയിൽ വന്ന സമയത്ത് വേദിയിൽ ഇടംകിട്ടാതെ അവഗണിക്കപ്പെട്ടു. പ്ലാച്ചിമട പന്തൽസമരത്തിൽനിന്നും മയിലമ്മയും, സ്വാമിനാഥനും മാരിയപ്പനും എല്ലാം ഉൾപ്പെടുന്ന ആദിവാസി സംരക്ഷണ സംഘം പിന്മാറി എന്നതായിരുന്നു ആരോപണം.

ഒരു സ്ത്രീയെ അപമാനിക്കാനും താറടിക്കാനും ഉപയോഗിച്ച വൃത്തികെട്ട രീതികളോടും അത്തരം ശ്രമങ്ങളിൽ മുഴുകിയ വ്യക്തികളോടും ഒന്നിച്ചുപോകാൻ കഴിയാത്ത കാരണമാണ് മയിലമ്മയും സുഹൃത്തുക്കളും പന്തൽ സമരത്തിൽ നിന്നും വിട്ടു നിൽക്കാൻ തീരുമാനിച്ചത്. മയിലമ്മയ്ക്കെതിരെയുള്ള ഇത്തരം കുടിലതകൾക്ക് ചില 'നവസാമൂഹ്യ' പ്രസ്ഥാനക്കാരും കൂട്ടുനിന്നു. ഇതൊക്കെ ഒരു വലിയ സമരത്തിലെ 'ചെറിയ' പ്രശ്നങ്ങളായി പരിഗണിച്ച ഈ വിഭാഗം അനീതികൾക്ക് തണലായി നിന്നു എന്നത് നിസ്സാരമായി പരിഗണിക്കേണ്ടകാര്യമല്ല. ഒടുവിൽ അപമാനം സഹിക്കവയ്യാതെ സമരസമിതി രക്ഷാധികാരിക്കെതിരെ മയിലമ്മ ചിറ്റൂർ പോലീസ് സ്റ്റേഷനിൽ പരാതി നല്കി. മാനസികസംഘർഷം കാരണം മയിലമ്മയ്ക്ക് രക്തസമ്മർദ്ദം അധികരിച്ചു. ഈ ഘട്ടത്തിലാണ് മയിലമ്മയെ സോറിയാസിസ് ബാധിക്കുന്നത്. 2006 ഡിസംബർ 2

ന് അവരെ പാലക്കാട് ജില്ലാ ആശുപത്രിയിൽ കൊണ്ടു പോയെങ്കിലും അവർക്ക് ഒരു വിദഗ്ദ്ധ പരിശോധന ലഭിച്ചില്ല. സോറിയാസിസ് അവരുടെ പ്രത്യക്ഷത്തിലുള്ള ഒരുരോഗം മാത്രമായിരുന്നു. വയറിനകത്തെ കടുത്ത വേദനയും ആവർത്തിച്ചു വന്ന പനിയുംഒന്നും വേണ്ടരീതിയിൽ ചികിത്സിക്കപ്പെട്ടില്ല. അവസാന കാലത്ത് ഒരു സമരസഹായിയും ഇതിനായി താൽപര്യമെടുത്തില്ല. ദേശത്തെ ഒരു വിഭാഗം ആദിവാസി സ്ത്രീകളെ ഉപയോഗിച്ച് നടത്തിയ അപവാദ പ്രചാരണങ്ങളിൽ മനംനൊന്ത മയിലമ്മ വിജയനഗർ കോളനിവിട്ട് സർക്കാർപതിയിലേക്ക് പോയി. അവിടെ മകൻ മുരുകരാജിന്റെ വീട്ടിലായിരുന്നു മയിലമ്മയുടെ അന്ത്യം.

സോറിയാസിസ് ബാധിച്ച് മയിലമ്മ മരിച്ചു എന്നായിരുന്നു പല പത്രങ്ങളിലും വന്ന വാർത്ത. അവരുടെ പുറമേയുള്ള അസുഖങ്ങൾ മാത്രമാണ് ബാഹ്യശ്രദ്ധയിൽ വന്നത്. ആന്തരികമായ രോഗങ്ങൾ കണ്ടെത്താനുള്ള ശ്രമങ്ങൾ നടന്നില്ല. മയിലമ്മയുടെ കൂടെ ഡോക്ടർമാരെ കണ്ട എനിക്ക് ലഭിച്ച വിശദീകരണം സോറിയാസിസ് മാനസിക സംഘർഷത്തിൽനിന്നും വരുന്ന അസുഖമാണെന്നായിരുന്നു (മയിലമ്മയുടെ കാര്യത്തിൽ പ്രത്യേകിച്ചും) ഇത് യാഥാർത്ഥ്യമാണെങ്കിൽ മയിലമ്മയെ മാനസിക സംഘർഷത്തിലേക്ക് നയിച്ച പൊതുരംഗത്തെ വ്യക്തികളും സാഹചര്യങ്ങളും ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. പ്ലാച്ചിമട സമരത്തിലെ ആഭ്യന്തരവൈരുദ്ധ്യങ്ങൾ മൂടിവെയ്ക്കാൻ നടത്തിയ ശ്രമങ്ങൾ തുറന്നുകാണിക്കേണ്ടതുണ്ട്. ആദിവാസി വിരുദ്ധതയുടെയും - സ്ത്രീ വിരുദ്ധതയുടെയും രാഷ്ട്രീയ-സാംസ്കാരികത അവിടെ മുൻകൈ നേടിയത് ഒട്ടുംതന്നെ അഭിലഷണീയമല്ല എന്നുമാത്രമല്ല അപകടകരമാണുതാനും.

പ്ലാച്ചിമടയിലെ കൊക്കകോള കമ്പനി വിതച്ച മാലിന്യങ്ങൾ (കോളനിയിലെ നിരോധിക്കപ്പെട്ട കിണറിലെ വെള്ളമായിരുന്നു അവർ രണ്ടുവർഷം കുടിച്ചത്) മയിലമ്മയെ ബാധിച്ചിരുന്നു എന്ന കാര്യം നിഷേധിക്കാനാവില്ല. അവസാനനാളുകളിൽ പൊടുന്നനെ വേണ്ടത്ര ചിന്തിക്കാതെ അവരെ തൃശൂർ മുളങ്കുന്നത്തുകാവിനടുത്ത തപോവൻ ആശ്രമത്തിലെ ചികിത്സയ്ക്ക് കൊണ്ടു പോകും മുമ്പ് ചികിത്സിച്ച സർക്കാർപതിയിലെ നാട്ടുവൈദ്യൻ പറഞ്ഞത് അവരുടെ ഉള്ളിൽ വിഷം പെട്ടിരിക്കുന്നു എന്നാണ് - എന്തായാലും അവസാനനാളുകളിലെ മയിലമ്മയുടെ ജീവിതവും അവരനുഭവിച്ച വേദനയും കണ്ടുനിൽക്കാൻ കഴിയാത്തവിധം അളവറ്റതായിരുന്നു.

നാട്ടുവൈദ്യനെ വിശ്വസിക്കാം - മയിലമ്മ മാലിന്യ ജലം കുടിച്ച് രോഗിയായതായിരിക്കാം. അങ്ങനെയെങ്കിൽ കോളകമ്പനി കാരണം വിഷം കുടിച്ചു രോഗിയായ മയിലമ്മ, ആദ്യകാലങ്ങളിൽ താൻ സ്നേഹവും ഭക്ഷണവും പരിചരണവും നൽകിയ സുഹൃത്തുക്കൾ പിന്നീട് തിരിച്ചുനൽകിയ വേദന തിന്നാണ് മരിച്ചത്.

മയിലമ്മക്കെതിരെയുള്ള ആസൂത്രിത നീക്കങ്ങളുമായി ബന്ധപ്പെട്ട് ഒരു വലിയ സമരത്തിലെ ചെറിയ മനുഷ്യരെയാണ് മറുഭാഗത്ത് അണിനിരത്താനുള്ളത്. നമുക്ക് കൊക്കകോള കമ്പനി പോലുള്ള വലിയ വിഷയങ്ങളിൽ മാത്രമാണ് താൽപര്യം. അവർക്കെതിരെയുള്ള സമരങ്ങളിലും ഇത്തരം വലിയ സമരങ്ങളുടെ മുന്നിൽ ഇന്ന് നിറഞ്ഞുനിൽക്കുന്ന ചെറിയ മനുഷ്യരെക്കുറിച്ചും നാം ചിന്തിക്കേണ്ടതുണ്ട്. അത്തരം വ്യക്തികളും അവരുടെ നിലപാടുകളും പരിഹാരം ആവശ്യപ്പെടുന്ന വിഷയമാണ്.

പാമ്പലത്ത് വീട്, മുണ്ടുപറമ്പ പി.ഒ., മലപ്പുറം, 9388023166

**ഉടൻ പുറത്തിറങ്ങുന്നു....**

**വിരുദ്ധാഹാരം ആയുർവേദത്തിലും പ്രകൃതി ചികിത്സയിലും**

**ഡോ. പ്രസാദ് എം., ഡേവിസ് വളർക്കാവ്**

ജാതകം ചേർച്ച വേണം.
കൂട്ടുകെട്ട് നന്നാവണം. ചേരുംപടി ചേർത്തെഴുതണം.
ഭക്ഷണത്തിലും ഇതുവേണം.
കൂട്ടുചേരേണ്ടവർ, ഒഴിവാക്കേണ്ടവർ എന്നത്
സൗഹൃദത്തിൽ മാത്രമല്ല ഭക്ഷണത്തിലും വേണം.
വേണ്ടാത്ത കൂട്ടുകെട്ട് ദോഷം ചെയ്യും.
ഭക്ഷണത്തിലെ ചേരാത്ത ചേരുവകൾ, ചേരുന്ന
ചേരുവകൾ എന്നിവയെക്കുറിച്ച് പറഞ്ഞ് തരുന്ന
മലയാളത്തിലെ ആദ്യ (ആരോഗ്യ) പുസ്തകം.
ഓരോ വീട്ടിലും ഉണ്ടായിരിക്കേണ്ട ഉത്തമ ഗ്രന്ഥം.
പേജ് 72, വില 40 രൂപ

പ്രസാധനം: **ആൾട്ടർമീഡിയ**
ബ്രഹ്മസ്വം മഠം ബിൽഡിംഗ്, എം.ജി. റോഡ്,
തൃശൂർ - 1, ഫോൺ: 0487 2422974

## ഷോലക്കാട്ടിലെ വിസ്മയങ്ങൾ...

(50-ാം പേജിൽനിന്ന് തുടർച്ച)

ലൂടെ അതിനെ കണ്ടു. വീണ്ടും മറ്റൊന്നു കൂടി എത്തി. അതെ 'മൂക്കൻ അണ്ണാൻ' (ഡസ്കി ഡ്രൈപ്സ് സ്കിറൽ)

എലിയുടെ ഒരു സാദൃശ്യം - നമ്മുടെ നാടൻ അണ്ണാനേക്കാൾ അല്പം ചെറുത്. അതല്പം മുന്നോട്ട് തള്ളി നിൽക്കുന്നു! പൂക്കളിൽനിന്നും പൂക്കളിലേക്ക് നിരന്തരം പായുകയാണിവ. തേൻ ആണ് ലക്ഷ്യം.

ഒരു കാലത്ത് ഇവയെ ധാരാളമായി കണ്ടിരുന്നവയായിരുന്നുവെന്ന് മനോ പറഞ്ഞു. പിന്നീട് യൂക്കാലിപ്റ്റസ് തോട്ടങ്ങളും മറ്റും വന്നപ്പോൾ പലതും അപ്രത്യക്ഷമായി. പൂക്കളിലെ തേനും ചെറുപഴങ്ങളും ആണ് പ്രധാന ആഹാരം. ഇവയെക്കുറിച്ച് കാര്യമായ പഠനങ്ങൾ ഒന്നും ഇതുവരെ നടന്നിട്ടില്ല. ഞങ്ങൾ കുറച്ചു സമയം കൂടി അവിടെ ചിലവഴിച്ചുവെങ്കിലും അപ്പോഴേക്കും അങ്ങ് താഴെനിന്നും മൂടൽമഞ്ഞും കാറ്റും ഞങ്ങളെ മൂടി. ഞങ്ങൾ പതുക്കെ ബന്തറവുനോട് നന്ദി പറഞ്ഞ് തിരിച്ചിറങ്ങി.

*നടുവിലകത്ത്, പള്ളിപോർട്ട്, എറണാകുളം*